No.CEE/5454/2018/KEAM-2019/TA1

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## കേരള എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം – 2019

### Persons with Disabilities (PD) വിഭാഗം വിദ്യാർത്ഥികളുടെ പരിശോധന സംബന്ധിച്ച്

2019-20 അദ്ധ്യയന വർഷം കേരള എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി(ബി.ഫാം)/മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനായി അപേക്ഷിച്ചിരുന്ന Persons with Disabilities (PD) വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ **2019 മെയ് 29, 30, 31** തീയതികളിൽ സംസ്ഥാനതല മെഡിക്കൽ ബോർഡിന്റെയും മറ്റു വകുപ്പദ്ധ്യക്ഷന്മാരുടെയും പരിശോധനയ്ക്ക് ഹാജരാകേണ്ടതാണ്. വിദ്യാർത്ഥികളുടെ ശാരീരികക്ഷമത സംബന്ധിച്ചും, പഠിക്കാൻ യോഗ്യമായ കോഴ്സിനെ സംബന്ധിച്ചും വിദഗ്ദ്ധ സമിതി നൽകുന്ന റിപ്പോർട്ട് അനുസരിച്ചാണ് അവരെ പ്രവേശന നടപടികൾക്കായി കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത്..

**തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് കാമ്പസിലെ സി.ഒ കരുണാകരൻ മെമ്മോറിയൽ ഹാളിൽ** വച്ചായിരിക്കും മെഡിക്കൽ പരിശോധന നടത്തുന്നത്. ഇതു സംബന്ധിച്ച് വിദ്യാർത്ഥികൾക്ക് പ്രത്യേകമായി അറിയിപ്പ് കത്ത് തപാലിൽ അയച്ചിട്ടുണ്ട്.

ശാരീരിക അവശത സംബന്ധിച്ച മെഡിക്കൽ റിപ്പോർട്ടുകൾ, ചികിത്സാ രേഖകൾ, തപാലിൽ ലഭിച്ച അറിയിപ്പ് കത്ത് എന്നിവയുമായി കത്തിൽ സൂചിപ്പിച്ചിട്ടുള്ള തീയതികളിൽ രാവിലെ 9.30–ന് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. മെഡിക്കൽ പരിശോധനാ ദിവസങ്ങളിൽ നേരിട്ട് ഹാജരാകാത്ത വിദ്യാർത്ഥികളെ Persons with Disabilities (PD) വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതല്ല. അറിയിപ്പ് കത്ത് തപാലിൽ ലഭിക്കാത്ത Persons with Disabilities വിഭാഗം വിദ്യാർത്ഥികളുണ്ടെങ്കിൽ ഇതൊരറിയിപ്പായി കണക്കാക്കി മേൽപ്പറഞ്ഞ ദിവസങ്ങളിലൊന്നിൽ സംസ്ഥാനതല മെഡിക്കൽ ബോർഡ് പരിശോധനയ്ക്ക് ഹാജരാകേണ്ടതാണ്. മെഡിക്കൽ പരിശോധനയ്ക്ക് ഹാജരാകേണ്ടവരുടെ ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

തിരുവനന്തപുരം
27.05.2019

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**